"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - എറണാകുളം ഗവ.പ്രസ്സിൽ കുഴൽക്കിണർ നിർമ്മിക്കുന്നത് - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.46/2026/PPAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 16/11/2020-തീയതിയിലെ സ.ഉ. (സാധാ) നം. 1418/2020/ഉ.വിവ.
2. അച്ചടിവകുപ്പ് ഡയറക്ടറുടെ 20.01.2024 , 09.12.2024 തീയതികളിലെ PTGD/2754/2022-G6 നമ്പർ കത്തുകൾ

**ഉത്തരവ്**

എറണാകുളം ഗവ: പ്രസ്സിൽ രണ്ട് ഷിഫ്റ്റുകളിലായി ജോലി ചെയ്തുവരുന്ന 170 ൽ പരം ജീവനക്കാരുടെ ദൈനംദിന ആവശ്യത്തിലേക്കുള്ള ജലം ലഭ്യമാക്കുന്നതിന് ഒരു തുറന്ന കിണറും ജല അതോറിറ്റിയുടെ ഒരു വാട്ടർ കണക്ഷനും മാത്രമാണ് ഉള്ളതെന്നും, ജല അതോറിറ്റിയുടെ വാട്ടർ കണക്ഷനിൽ നിന്നും വേനൽ കാലമായാൽ ആഴ്ചയിൽ ഒരിക്കൽ മാത്രമാണ് ജലം ലഭിക്കുന്നതെന്നും, ഇത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും കൂടുതൽ തുക മുടക്കി കുടിവെള്ള ടാങ്കറുകൾ വഴി ജലം ലഭ്യമാക്കുമ്പോൾ ആയത് കനത്ത സാമ്പത്തിക നഷ്ടം വരുത്തുന്നുണ്ടെന്നും എറണാകുളം ഗവ. പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ട് അറിയിച്ചിട്ടുണ്ട്. പരാമർശം (1) പ്രകാരം 1,31,000/- രൂപ (ഒരു ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപ മാത്രം) കുഴൽ കിണർ നിർമ്മാണത്തിന് 2020 സാമ്പത്തികവർഷം അനുമതി നൽകിയിരുന്നുവെങ്കിലും ഫണ്ട് ലഭ്യമാകാത്തതിനാൽ ടി പ്രവൃത്തി ചെയ്യുവാൻ സാധിച്ചിരുന്നില്ലെന്നും എറണാകുളം ഗവ.പ്രസ്സ് കാര്യാലയത്തിലെ ജലദൗർലഭ്യം അടിയന്തരമായി പരിഹരിക്കുന്നതിന് കുഴൽക്കിണർ നിർമ്മിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം 2 പ്രകാരം അച്ചടിവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇപ്രകാരം അനുമതി നൽകുന്നത് മറ്റ് ഏതൊരു പ്രവൃത്തിക്കുമുള്ള ഒരു കീഴ്വഴക്കമാക്കുവാൻ പാടില്ലെന്ന വ്യവസ്ഥയിൽ , കുടിവെള്ള ആവശ്യമാണെന്നുള്ളത് കണക്കിലെടുത്ത്, ഒരു പ്രത്യേക കേസായി പരിഗണിച്ച് എറണാകുളം ഗവ. പ്രസ്സിൽ ഭൂജല വകുപ്പ് മുഖേന ഒരു കുഴൽക്കിണർ നിർമ്മിക്കുന്നതിന് 3,45,000/- രൂപ (മൂന്ന് ലക്ഷത്തി നാൽപത്തി അയ്യായിരം രൂപാ മാത്രം) യുടെ ഭരണാനുമതി നൽകി ഉത്തരവാകാവുന്നു. ആയതിലേയ്ക്കുള്ള ചെലവ് "2058-00-103-99-17 മൈനർ വർക്ക്സ്" എന്ന

ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

3. **മേൽ പ്രവൃത്തിക്കായി** ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് ഇതിനാൽ റദ്ദ് ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജികുമാർ ആർ
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1. ഡയറക്ടർ , അച്ചടിവകുപ്പ് , തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II ), കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
4. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Seetha K M
Date: 13-03-2026 13:07:01